**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1075** **12-06-2024 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ ഇരിക്കൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും നിർമ്മാണപുരോഗതി, പട്ടിക തിരിച്ച് വ്യക്തമാക്കാമോ? | (എ) | കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ ഇരിക്കൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും നിർമ്മാണ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ജലസേചനവും ഭരണവും

| ചെറുകിട ജലസേചന വിഭാഗം | | | | |
|---|---|---|---|---|
| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച വർഷം | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
| 1 | കണ്ണൂർ ജില്ലയിലെ നടുവിൽ പഞ്ചായത്തിലെ മുളകുവള്ളിയിൽ വാർഡ് നമ്പർ 6 ൽ വി.സി.ബി. കം ബ്രിഡ്ജിന്റെ നിർമ്മാണം | 2021-22 | 75 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | ചെങ്ങളായി പഞ്ചായത്തിലെ മീൻകുഴിച്ചാലിൽ വളക്കൈ തോടിനു കുറുകെ വി.സി.ബി. യുടെ നിർമ്മാണം | 2022-23 | 50 | 80% പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | ചെങ്ങളായി പഞ്ചായത്തിലെ വാർഡിൽ ചേമങ്ങാടിൽ വി.സി.ബി കം ബ്രിഡ്ജ് നിർമ്മാണം | 2022-23 | 75 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | പയ്യാവൂർ പഞ്ചായത്തിലെ പത്താം വാർഡിൽ ബ്ലാവൂർ തോടിന് കുറുകെയുള്ള ചെക്ക് ഡാം നവീകരണ പ്രവൃത്തി. | 2023-24 | 7 | പ്രവൃത്തി ആരംഭിച്ചു. |
| 5 | കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിലെ അലക്സ് നഗറിലെ വാർഡ് നമ്പർ 16-ൽ നടുത്തോടിന്റെ പാർശ്വ ഭിത്തി സംരക്ഷണ പ്രവൃത്തി | 2023-24 | 15.34 | പ്രവൃത്തി ആരംഭിച്ചു. |
| 6 | ആലക്കോട് ഗ്രാമപഞ്ചായത്തിലെ പാച്ചാണിത്തോടിനു കുറുകെയുള്ള തോക്കാട് വി.സി.ബി.യുടെ റിപ്പയർ പ്രവൃത്തി | 2023-24 | 19.70 | പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുത്തിട്ടില്ല. ലോക് സഭ ഇലക്ഷനോടനുബന്ധിച്ചുള്ള മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ച സാഹചര്യത്തിൽ ഉടൻ തന്നെ |

| | | | | |
|---|---|---|---|---|
| | | | | പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതാണ്. |
| **വൻകിട ജലസേചന വിഭാഗം** | | | | |
| 1 | എസ്.ഡി.ആർ.എഫ് - നുച്യാട് പുഴയുടെ റെക്റ്റിഫിക്കേഷൻ - കണ്ണൂർ ജില്ലയിലെ ഉളിക്കൽ പഞ്ചായത്ത് കോക്കാട്, നുച്യാട് പാലത്തിന് സമീപം ഉരുൾപ്പൊട്ടൽമൂലം പുഴയിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും ഉരുളൻകല്ലുകളും നീക്കം ചെയ്യുന്ന പ്രവൃത്തി. | 2021 | 9.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | എസ്.ഡി.ആർ.എഫ് - നുച്യാട് പുഴയുടെ റെക്റ്റിഫിക്കേഷൻ - കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ നെല്ലൂരിൽ മാവിലാക്കടവിൽ ഉരുൾപൊട്ടലിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും ഉരുളൻകല്ലുകളും നീക്കം ചെയ്യുന്ന പ്രവൃത്തി | 2021 | 10.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | എസ്.ഡി.ആർ.എഫ്- നുച്യാട് പുഴ റെക്റ്റിഫിക്കേഷൻ - കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്ത് മാട്ടറ കടമനക്കണ്ടിയിൽ ഉരുൾപൊട്ടലിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും ഉരുളൻകല്ലുകളും നീക്കം ചെയ്യുന്ന പ്രവൃത്തി. | 2021 | 08.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | എഫ്.സി - കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ തൊട്ടിപ്പാലത്ത് വീട്ട് നമ്പർ 189 B/5 ന് പുറകിൽ പേരട്ടത്തോടിന്റെ വലത് കര സംരക്ഷണം. | 2023 | 10.60 | പ്രവൃത്തി പൂർത്തീകരിച്ചു |

**ഐ.ഡി.ആർ.ബി**

| ക്രമ നമ്പർ | പ്രവൃത്തി | ചെലവഴിച്ച തുക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പയ്യാവൂർ റെയിൻഗേജ് സ്റ്റേഷന്റെ അറ്റകുറ്റപ്പണി | 20000 | പണി പൂർത്തീകരിച്ചു |

**ഭൂജലവകുപ്പ്**

| ക്രമ നമ്പർ | സൈറ്റിന്റെ പേര് | പഞ്ചായത്ത് | പദ്ധതി | തുക |
|---|---|---|---|---|
| 1 | മൂയിപ്ര ലക്ഷം വീട് കോളനി | ഏരുവേശ്ശി | കുഴൽകിണർ അധിഷ്ഠിത കുടിവെള്ള പദ്ധതി | 260361 |
| 2 | കുട്ടിമാവ് എസ്.ടി കോളനി | പയ്യാവൂർ | കുഴൽകിണർ നിർമ്മാണം | 72161 |
| 3 | അരങ്ങം എസ്.ടി കോളനി | നടുവിൽ | കുഴൽകിണർ നിർമ്മാണം | 56678 |
| 4 | മൊയാലം തട്ട് എസ്.സി കോളനി | ചെങ്ങളായി | കുഴൽകിണർ നിർമ്മാണം | 65727 |
| 5 | അരിമ്പ്ര എസ്.സി കോളനി | ചെങ്ങളായി | കുഴൽകിണർ അധിഷ്ഠിത കുടിവെള്ള പദ്ധതി | 862828 |
| 6 | അടിച്ചി കവല | ചെങ്ങളായി | കുഴൽകിണർ അധിഷ്ഠിത കുടിവെള്ള പദ്ധതി നവീകരണം | 566595 |
| 7 | നെല്ലിക്കുറ്റി ടൗൺ | ഏരുവേശ്ശി | കുഴൽകിണർ അധിഷ്ഠിത കുടിവെള്ള പദ്ധതി | 820592 |
| 8 | കുട്ടീമാവ് എസ്.ടി കോളനി | പയ്യാവൂർ | കുഴൽകിണർ അധിഷ്ഠിത കുടിവെള്ള പദ്ധതി | 720963 |
| 9 | മൊയാലം തട്ട് എസ്.സി കോളനി | ചെങ്ങളായി | കുഴൽകിണർ അധിഷ്ഠിത കുടിവെള്ള പദ്ധതി നവീകരണം | 102288 |
| 10 | കാനപ്രം | ശ്രീകണ്ഠാപുരം | കുഴൽകിണർ നിർമ്മാണം | 55224 |
| 11 | കൊരങ്ങോട്ട് മല | ശ്രീകണ്ഠാപുരം | കുഴൽകിണർ നിർമ്മാണം | 48924 |

**ജലനിധി**

**ഗ്രാമപഞ്ചായത്തുകൾ-ഇരിക്കൂർ, ആലക്കോട്, ഉദയഗിരി, ഉളിക്കൽ**

| ക്രമനമ്പർ | ഗ്രാമ പഞ്ചായത്ത് | പദ്ധതി | നിർമ്മാണ പുരോഗതി |
|---|---|---|---|
| 1 | ഇരിക്കൂർ | ജൽ ജീവൻ മിഷൻ പദ്ധതി | **1** 2020 ആഗസ്റ്റ് മാസത്തിൽ 700 ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകുന്നതിനുള്ള ഭരണാനുമതി നൽകി പ്രവൃത്തികൾ 30-05-2021-ന് പൂർത്തീകരിച്ചു.<br><br>**2** 18-09-2021-ന് 200 ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകുന്നതിനുള്ള ഭരണാനുമതി നൽകി 210 ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകി പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>**3** 23-02-2023-ന് 326 ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകുന്നതിനുള്ള ഭരണാനുമതി നൽകിയിരുന്നെങ്കിലും വീടുകൾ ലഭ്യമല്ലാത്തതിനാൽ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ ഒഴിവാക്കി. 08-03-2024-ന് ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭ ചേർന്ന് ഹർഘർ ജൽ പ്രഖ്യാപിക്കുന്നതിനുള്ള പ്രമേയം പാസാക്കിയിട്ടുണ്ട്. |
| 2 | ആലക്കോട് | കിണർ റീചാർജ്ജ് & ആൾമറ നിർമ്മാണം | ആലക്കോട് ഗ്രാമപഞ്ചായത്തിൽ 159 കിണർ റീചാർജ്ജ് പ്രവൃത്തികളും 15 കിണർ ആൾമറ നിർമ്മാണം & റീചാർജ്ജ് പ്രവൃത്തികളും ചെയ്യുന്നതിനായി 25-06-2021-ന് ഭരണാനുമതി ലഭ്യമാക്കി 156 കിണർ റീചാർജ്ജ് പ്രവൃത്തികളും 15 കിണർ ആൾമറ നിർമ്മാണം & റീചാർജ്ജ് പ്രവൃത്തികളും പൂർത്തീകരിച്ചു. തിരഞ്ഞെടുക്കപ്പെട്ട 3 ഗുണഭോക്താക്കളുടെ വീടുകളിൽ പ്രവൃത്തികൾ ചെയ്യുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉണ്ടായതിനാൽ പ്രവൃത്തിയിൽ നിന്നും സ്വമേധയ ഒഴിവായി. |
| | | സുസ്ഥിരതാ പദ്ധതി | **1** 2021-22 സാമ്പത്തിക വർഷത്തിൽ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 30-12-2021 തീയതിയിലെ 14(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരം രയരോം കുടിവെള്ള പദ്ധതിയെ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ടി പദ്ധതിക്ക് ആവശ്യപ്പെട്ട പ്രവൃത്തികൾ ചെയ്ത് പൂർത്തീകരിക്കുകയും ചെയ്തു.<br><br>**2** 2022-23 സാമ്പത്തിക വർഷത്തിൽ ആലക്കോട് ഗ്രാമപഞ്ചായത്തിലെ പാലുംചീറ്റ, കരുവഞ്ചാൽ രയരോം, കോളി, ചെറുപാറ, നെടുവിലാംകുന്ന് എന്നീ കുടിവെള്ള പദ്ധതികളെ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും പാലുംചീറ്റ, കരുവഞ്ചാൽ എന്നീ പദ്ധതികൾ പ്രവൃത്തിയിൽ നിന്നും ഒഴിവാകുകയും ബാക്കിയുള്ളവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്ത് പൂർത്തീകരിക്കുകയും ചെയ്തു. |
| 3 | ഉദയഗിരി | സുസ്ഥിരതാ പദ്ധതി | 2023-24 സാമ്പത്തിക വർഷത്തിൽ ഉദയഗിരി ഗ്രാമപഞ്ചായത്തിലെ 14 കുടിവെള്ള പദ്ധതികളെ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന് തിരഞ്ഞെടുക്കുകയും ഭരണാനുമതി ലഭിച്ചതിനാൽ (04-08-2023) ചെയ്തതിൽ 1 കുടിവെള്ള പദ്ധതി (കോളി) പ്രവൃത്തിയിൽ നിന്നും ഒഴിവാകുകയും ബാക്കിയുള്ള 13 പദ്ധതികളുടെ (ചേലംകൊച്ചി, നൂറേക്കർ, കട്ടപ്പള്ളി, ആനക്കുഴി, പെരുമുണ്ടത്തട്ട്, ഹിൽടോപ്പ്, ലഡാക്ക് എസ്.ടി, ലഡാക്ക് ജനറൽ, ചെക്കറിഞ്ഞി, തുമരക്കാട് എസ്.ടി, മണിയൻകൊല്ലി, ചെമ്മണ്ണംകുന്ന്, ചെറുവലരി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെടുന്ന വേളയിൽ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ കരാർ ഒപ്പിടാൻ സാധിക്കാതെ വരികയും പ്രവൃത്തികൾ ആരംഭിക്കാതെയും വന്നു. |

| | | | |
|---|---|---|---|
| 4 | ഉളിക്കൽ | സുസ്ഥിരതാ പദ്ധതി | **1** 2021-22 സാമ്പത്തിക വർഷത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ 11 കുടിവെള്ള പദ്ധതികളെ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന് തിരഞ്ഞെടുത്ത് ഭരണാനുമതി ലഭിച്ചതിനാൽ 2 പദ്ധതികൾ (കാവേരി കൊക്കാട്, യമുന) പ്രവൃത്തിയിൽ നിന്നും ഒഴിവാകുകയും ബാക്കിയുള്ള 9 പദ്ധതികളുടെ (ഐശ്വര്യ മഞ്ചേരിപ്പടി, ഗുരുദ്വാര മട്ടിനി, ഓലമല, സ്നേഹ ഉളിക്കൽ, പി.കെ.എച്ച്.എസ്.എസ്, തുഷാര നെല്ലിക്കാംപൊയിൽ, ജോർജോർ പാനി, കേരളപ്പിറവി, കൈരളി) പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>**2** 2022-23 സാമ്പത്തിക വർഷത്തിൽ വർഷത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ 10 കുടിവെള്ള പദ്ധതികളെ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന് തിരഞ്ഞെടുത്ത് ഭരണാനുമതി നൽകിയതിനാൽ 2 പദ്ധതികൾ (ചമതകരി, സെന്റ് ജോസഫ്) പ്രവൃത്തിയിൽ നിന്നും ഒഴിവാകുകയും ബാക്കിയുള്ള 8 പദ്ധതികളുടെ (സൗഹൃദ, പുലരി, അക്ഷയ, ഐശ്വര്യ മട്ടാര, അമൃതം, ശ്രേയസ്, കാവേരി, സംസം) പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>**3** 2023-24 സാമ്പത്തിക വർഷത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ 09 കുടിവെള്ള പദ്ധതികളെ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന് തിരഞ്ഞെടുത്ത് ഭരണാനുമതി ലഭ്യമാക്കിയതിൽ ഒരു പദ്ധതി (സംസം തൊട്ടിൽപ്പാലം) പ്രവൃത്തിയിൽ നിന്നും ഒഴിവാകുകയും ബാക്കിയുള്ള 8 പദ്ധതികളിൽ 4 പദ്ധതികളുടെ (അക്ഷയ നെല്ലിക്കാംപൊയിൽ, ഐശ്വര്യ കയനി ബി, പുലരി, കാൽവരി) പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാർ ഒപ്പിട്ട് പ്രവൃത്തികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള 4 പ്രവൃത്തികളുടെ (പതിനാറാം പന്തൽ, മഞ്ഞളാം കാട്, ഉളിക്കൽ ടൌൺ, പച്ചിക്കുണ്ട്) ടെണ്ടർ നടപടികൾ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പൂർത്തീകരിക്കാൻ സാധിച്ചില്ല.<br><br>**4** 2022-23 സാമ്പത്തിക വർഷത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ സ്നേഹ ഉളിക്കൽ, ജലധാര എന്നീ പദ്ധതികൾക്ക് ഫിൽട്ടർ യൂണിറ്റ് സ്ഥാപിക്കുന്നതിനായി ഭരണാനുമതി ലഭ്യമാക്കുകയും ഫിൽട്ടർ യൂണിറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. |
| | | മഴവെള്ള സംഭരണി നിർമ്മാണം | 2022-23 സാമ്പത്തിക വർഷത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ 10000 ലിറ്റർ കപ്പാസിറ്റിയുള്ള 40 എണ്ണം ഫെറോസിമന്റ് മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനായി 20-09-2022-ന് ഭരണാനുമതി ലഭിക്കുകയും പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | കമ്മ്യൂണിറ്റി തലത്തിൽ എസ്.സി. എസ്.ടി കോളനികൾക്കായുള്ള മഴവെള്ള സംഭരണി നിർമ്മാണം | 2022-23 സാമ്പത്തിക വർഷത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ അംബേദ്കർ കോളനിയിൽ 2 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഒരു ഫെറോസിമന്റ് മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനായി 20-09-2022-ന് ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

## കേരള വാട്ടർ അതോറിറ്റി

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പുരോഗതി |
|---|---|---|
| 1 | ജല ജീവൻ മിഷൻ - ഉളിക്കൽ ഗ്രാമ പഞ്ചായത്ത് – വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും റിസർവോയറിന്റെയും നിർമ്മാണം, പമ്പിംഗ് മെയിൻ, ട്രാൻസ് മിഷൻ മെയിൻ, കുടിവെള്ള വിതരണ ശൃംഖല എന്നിവയുടെ വിതരണവും സ്ഥാപിക്കലും, പമ്പ് സെറ്റുകൾ വിതരണം ചെയ്യലും സ്ഥാപിക്കലും, കുടിവെള്ള കണക്ഷനുകളും നൽകുകയും ചെയ്യുന്ന പ്രവൃത്തി | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 38 ശതമാനം പൂർത്തിയായി |
| 2 | ജല ജീവൻ മിഷൻ - ചെങ്ങളായി ഗ്രാമ പഞ്ചായത്ത് – രണ്ട് ഉപരിതല ജല സംഭരണികളുടെ നിർമ്മാണം – ഗ്രാവിറ്റി & പമ്പിംഗ് മെയിൻ, കുടിവെള്ള വിതരണ ശൃംഖല എന്നിവയുടെ വിതരണവും സ്ഥാപിക്കലും, പമ്പ് സെറ്റുകൾ വിതരണം ചെയ്യലും സ്ഥാപിക്കലും, കുടിവെള്ള കണക്ഷനുകളും നൽകുകയും ചെയ്യുന്ന പ്രവൃത്തി | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 38 ശതമാനം പൂർത്തിയായി |
| 3 | ജല ജീവൻ മിഷൻ- പയ്യാവൂർ ഗ്രാമ പഞ്ചായത്ത് - പയ്യാവൂർ, ഏറ്റുപാറ, വാതിൽമട കുടിവെള്ള പദ്ധതി - ഫേസ്-2. | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | സ്റ്റേറ്റ് പ്ലാൻ 2020-21 - ഓപ്റ്റിമൈസേഷൻ ഓഫ് പ്രൊഡക്ഷൻ & ട്രാൻസ്മിഷൻ - എനർജി കൺസർവേഷൻ-പയ്യാവൂർ കുടിവെള്ള പദ്ധതി 15 എച്ച്.പി,. സബ്മേഴ്സിബിൾ ടൈപ്പ് പമ്പ് സെറ്റ് വിതരണം ചെയ്യലും സ്ഥാപിക്കലും. | 2.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തി 30.07 .2021 ൽ പൂർത്തീകരിച്ചു. |
| 5 | ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി ഇരിക്കൂർ മണ്ഡലത്തിലെ ആലക്കോടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി – ആലക്കോട്, ഉദയഗിരി, എരുവേശ്ശി, നടുവിൽ , പയ്യാവൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പ്രവൃത്തികൾ. | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തികൾ ആരംഭഘട്ടത്തിലാണ്. |
| 6 | ഡെപ്പോസിറ്റ് പ്രവ്യത്തി -ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി ഇയർ പ്ലാൻ 2021-22 -നിലവിലുള്ള വിതരണ പൈപ്പ് ലൈനുകളിൽ നിന്നും ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റിയുട വിവിധ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി | പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI ) പദ്ധതിയിൽ ഉൾപ്പെടുത്തി 2022 - ഇൽ തളിപ്പറമ്പ് ഡിവിഷനു കീഴിലെ കുയിലൂർ ഇൻ ടേക്ക് വെൽ കം | പ്രവൃത്തി 31.03.2023 ൽ പൂർത്തീകരിച്ചു. |

| | | |
|---|---|---|
| | പമ്പ് ഹൗസിൽ Supply and Fitting 300KVAR power factor Capacitor No.1,2,3,4,5&6 845 HP 303KV pump set and 25KVAR capacitor for 160KVA Transformer APFC Panel. എന്ന പ്രവൃത്തിക്ക് Rs. 4,25,921 രൂപ ഭരണാനുമതി നൽകി. | |

**<u>മെക്കാനിക്കൽ</u>**

| ക്രമ നമ്പർ | പ്രവൃത്തി | Agreed PAC (Rs) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | Maintenance of Mandapam RCB in Kannur Dist – Mechanical Works | 20,72,582/- | 75% പൂർത്തിയായി |